പാലക്കാട് ജില്ലയിൽ അഡീഷണൽ ജില്ലാ ട്രഷറി

1980 [3052] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എട്ട് സബ് ട്രഷറികളുള്ള ജില്ലയിൽ ഒരു അഡീഷണൽ ജില്ലാ ട്രഷറി സ്ഥാപിക്കുവാനുള്ള വ്യവസ്ഥയുണ്ടോ;

(ബി) ഉണ്ടെങ്കിൽ പത്ത് സബ് ട്രഷറികളുള്ള പാലക്കാട് ജില്ലയിൽ ഒരു അഡീഷണൽ ജില്ലാ ട്രഷറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അഡീഷണൽ ജില്ലാ ട്രഷറികൾ അനുവദിക്കാൻ പ്രത്യേക മാർഗ്ഗരേഖകളൊന്നും നിലവിലില്ല.

(ബി) പാലക്കാട് ജില്ലയിലെ പത്തു സബ് ട്രഷറികളുടെയും പാലക്കാട് ജില്ലാ ട്രഷറിയുടെയും മൊത്തത്തിലുള്ള ജോലിഭാരം കണക്കാക്കുമ്പോൾ വീണ്ടും ഒരു അഡീഷണൽ ജില്ലാ ട്രഷറി തുടങ്ങേണ്ട ആവശ്യം ഭരണപരമായി ഇല്ല.

ട്രഷറി ഡിപ്പാർട്ടുമെൻറിലെ പ്രമോഷൻ

1981 [3053] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി ഡിപ്പാർട്ടുമെൻറിലെ പ്രമോഷൻ സ്റ്റേറ്റ് വൈസായി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്നുമുതലാണ് നടപ്പാക്കിയത്;

(സി) ഇതുമൂലം ജില്ലാതലത്തിൽ ജോലി നോക്കുന്നവർക്ക് റിവേർഷൻ വരുമോ; എങ്കിൽ എത്രപേരെ ബാധിക്കും?

ഉത്തരം

(എ) ട്രഷറി വകുപ്പിൽ സ്റ്റേറ്റ് അടിസ്ഥാനത്തിൽ പ്രമോഷൻ നടത്താനുള്ള സർക്കാർ ഉത്തരവ് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

(ബി) 'എ' യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) സ്റ്റേറ്റ്വൈസായി സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനെറ അടിസ്ഥാനത്തിൽ ആരുടെയെങ്കിലും റാങ്ക് നഷ്ടപ്പെടുന്നതുമൂലം റിവേർഷൻ വരുന്ന പരിതഃസ്ഥിതി ഉണ്ടെങ്കിൽ അത്തരക്കാർക്ക് സംരക്ഷണം നൽകാനും റിവേർഷൻ കൂടാതെ അവർ ഇരിക്കുന്ന തസ്തികയിൽ തുടരുന്നതിനുമുള്ള നിബന്ധന ചെയ്തിട്ടുണ്ട്.

വേയ്സ് ആൻറ് മീൻസ്

1982 [3054] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1-11-1986-ലെ സംസ്ഥാനത്തിൻെറ വേയ്സ് ആൻറ് മീൻസ് പൊസിഷൻ എന്താണെന്നു വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

റിസർവ് ബാങ്കിന്റെ അക്കൗണ്ടിൽ, 1-11-1986-ൽ സംസ്ഥാന ഗവൺമെന്റിന്റെ നീക്കിയിരിപ്പ് 55.59 കോടി രൂപയായിരുന്നു.

സർവ്വീസ് പെൻഷനേഴ്സ് അസോസിയേഷന്റെ നിവേദനം

1983 [3055] ശ്രീ. എ. കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് പെൻഷനേഴ്സ് അസോസിയേഷൻ ഗവൺമെന്റിന് സമർപ്പിച്ച നിവേദനത്തിന്റെ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു;

(ബി) ഈ ആവശ്യങ്ങൾ ഏതെങ്കിലും അനുവദിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) 1. ജി. ഒ. (പി.) നമ്പർ 235/86 (45) ഫിൻ. തീയതി 19-3-1986-ലെ ഉത്തരവിൻപ്രകാരം 30-6-1978-നു മുൻപ് പെൻഷൻ ആയവരുടെ ശതമാന വർദ്ധനവിനു അവരുടെ 1-4-1985-ലെ ബേസിക് പെൻഷൻ കണക്കാക്കുന്നതിനു പകരം 1-7-1978-ലെ ബേസിക് പെൻഷൻ കണക്കാക്കിയാൽ മതിയെന്നുള്ള ഉത്തരവ് നീതിക്ക് നിരക്കാത്തതും വിവേചനാപരവും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെയും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെയും നിർദ്ദേശങ്ങൾക്ക് വിധേയമാകയാൽ എല്ലാ പെൻഷൻകാർക്കും 1-4-1985-ലെ ബേസിക് പെൻഷൻ കണക്കാക്കി പെൻഷൻ വർദ്ധനവ് അനുവദിക്കണമെന്ന് ഈ യോഗം ബഹുമാനപ്പെട്ട ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

2. 1-7-1983 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ട പേ കമ്മീഷൻ റിപ്പോർട്ടിലെ ആനുകൂല്യങ്ങളും സർവ്വീസിലുള്ളവർക്ക് ഇടക്കാലാശ്വാസം നൽകിയും 1-7-1983 മുതലുള്ള ഇൻക്രിമെന്റ് നൽകിയും വെയിറേജ് നൽകി ഫിക്സേഷൻ നടത്തിയും അനുവദിച്ച സ്ഥിതിക്ക് പെൻഷൻകാരുടെ കാര്യത്തിൽമാത്രം അവഗണന കാണിച്ച് അവർക്കുള്ള 1-7-1983 മുതലുള്ള ആനുകൂല്യങ്ങളും നൽകാതെ 1-4-1985 മുതലേ നൽകൂ എന്ന ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ നിലപാട് വിവേചനാപരവും നീതിരഹിതവുമാകയാൽ പേ കമ്മീഷൻ റിപ്പോർട്ടിലെ ആനുകൂല്യങ്ങളും പെൻഷൻകാർക്കും 1-7-1983 മുതൽ പ്രാബല്യം നൽകി ഉത്തരവാകണമെന്ന് ഈ യോഗം അഭ്യർത്ഥിക്കുന്നു.

3. ശമ്പള പരിഷ്കരണത്തിന്റെ ഫലമായുണ്ടാകുന്ന ശമ്പള വർദ്ധനവ് തുടർന്നുള്ള എല്ലാ ആനുകൂല്യങ്ങളിലും ആനുപാതികമായി ഉണ്ടാകണമെന്നുള്ളതാണ് സാമാന്യ തത്വം. എന്നാൽ 1-7-1983 മുതൽ പ്രാബല്യത്തിൽവന്ന ശമ്പള പരിഷ്കരണത്തിനു ശേഷം പെൻഷൻ പറ്റുന്നവരിൽ ഒരു വിഭാഗത്തിന് ആകെ പെൻഷൻ തുക ശമ്പളപരിഷ്കരണത്തിനു മുൻപുള്ള ശമ്പള സ്കെയിലിൽ കിട്ടുമായിരുന്ന ആകെ പെൻഷൻ തുകയിൽനിന്നും കുറവായി കാണുന്നു. 500 രൂപ വരെയുള്ള പെൻഷനു മാത്രമേ ഡി.എ. അനുവദിക്കൂ എന്നുള്ളതാണ് ഇതിനു കാരണം. ആകയാൽ ഈ ദുഃസ്ഥിതി പരിഹരിച്ച് ഉത്തരവ് ഉണ്ടാകണമെന്ന് ഈ യോഗം ബഹുമാനപ്പെട്ട ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly